തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രവികസന പദ്ധതി

40 (973) ശ്രീ. ഇ. എം. അഗസ്തി
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജനകീയാസൂത്രണമാരംഭിച്ച് ഇത്രകാലമായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓരോ ഘടകത്തിലും ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റും പ്ലാനിംഗ് ബോർഡും എന്തെല്ലാം നിർദ്ദേശം നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും എത്രവീതം സമഗ്ര വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ഇതനുസരിച്ച് ഈ വർഷം ഉൽപാദനം തൊഴിൽ ദാരിദ്ര്യ നിർമ്മാർജ്ജനം പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനിതാവികസനം, സാമൂഹ്യനീതി എന്നീ രംഗങ്ങളിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) 2000 ഡിസംബർ 31 വരെ ഈ രംഗങ്ങളിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഒൻപതാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. നാല് വാർഷിക പദ്ധതികൾ ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കിക്കഴിഞ്ഞു. അഞ്ചാം വാർഷിക പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ മേയ് മാസത്തിൽ പൂർത്തിയാവും. ഇതോടൊപ്പം പത്താം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ സമഗ്ര ജില്ലാ പദ്ധതികൾ എല്ലാ ജില്ലകളിലും തയ്യാറാക്കുകയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നീർത്തടാധിഷ്ഠിത സമഗ്ര വികസന പദ്ധതികൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ നീർത്തട അവലോകന രേഖ പൂർത്തിയാക്കി കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 10-ാം പഞ്ചവത്സര പദ്ധതി രേഖയ്ക്ക് രൂപം നൽകുന്നത്.

(ബി) ജില്ലാ പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച് ജില്ലാ പദ്ധതി സംസ്ഥാനവികസന കൗൺസിലിൽ അവതരിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നീർത്താടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ പ്രദേശത്തെ ചെറു നീർത്തടങ്ങൾ സംബന്ധിച്ച അവലോകനരേഖ തയ്യാറാക്കി ഗ്രാമ/വാർഡ് സഭകളിൽ അംഗീകാരത്തിനായി നൽകിക്കഴിഞ്ഞു. ഗ്രാമ/വാർഡ് സഭകളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും ഈ രേഖ പൂർത്തീകരിക്കുക.

(സി) ത്രിതല പഞ്ചായത്തുകളും നഗരസഭകളും ഒന്നാംവർഷിക പദ്ധതിയിൽ 67766 പ്രോജക്ടുകൾക്കും രണ്ടാം വാർഷിക പദ്ധതിയിൽ 99554 പ്രോജക്ടുകൾക്കും മൂന്നാം വാർഷിക പദ്ധതിയിൽ 159850 പ്രോജക്ടുകൾക്കും രൂപം നൽകി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ പദ്ധതികളുടെ ഭൗതിക ലക്ഷ്യങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടില്ല.

(ഇ) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ 2000 മാർച്ച് 31 വരെയുള്ള ഭൗതിക നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

വിവിധ വകുപ്പ് ജീവനക്കാരുടെ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം

41 (974) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പരിപാടികളുടെ നടത്തിപ്പിനായി വിവിധ വകുപ്പുകളിലെ അധിക ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളിൽ ഡിപ്ലോയ് ചെയ്യുന്നതിനുള്ള ഉത്തരവുകൾ എന്നാണ് പുറപ്പെടുവിച്ചത് ;

(ബി) അതിനുള്ള നടപടികൾ എത്ര ദിവസത്തിനകം സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ വകുപ്പുകളിലെ ജീവനക്കാരെ ഡിപ്ലോയ് ചെയ്യേണ്ടതുണ്ട് എന്ന് വിശദീകരിക്കാമോ ;

(ഡി) ഇതുവരെ ഏതൊക്കെ വകുപ്പുകളിൽ നിന്നാണ് ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളിൽ നിയമിച്ചതെന്ന് വിശദീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇതുവരെയും സർക്കാർ ഉത്തരവുകൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ ?

---

† അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 40 (973)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

	ഇനം	യൂണിറ്റ്	ഭൗതികനേട്ടം 1997-2000
1.	പുതിയതായി കൃഷിയോഗ്യമാക്കിയ ഭൂമിയുടെ അളവ്	ഏക്കർ	315881.81
2.	വിത്ത്, വളം, കീടനാശിനികൾ	എണ്ണം	3572664
3.	ടില്ലർ	,,	4431
4.	വിതരണം ചെയ്ത കന്നുകാലികൾ	,,	274572
5.	വിതരണം ചെയ്ത കോഴികൾ	,,	1867517
6.	പുതിയ തൊഴുത്തുകൾ	,,	74636
7.	വിതരണം ചെയ്ത തയ്യൽ മെഷിനുകൾ	,,	53472
8.	പരിശീലനം ലഭിച്ചവർ	,,	84917
9.	പാർപ്പിടം നിർമ്മാണം	,,	306288
10.	വീടുവയ്ക്കാൻ സ്ഥലം നൽകിയത്	,,	15099
11.	വീട് പുനരുദ്ധാരണം	,,	118019
12.	കക്കൂസ് നിർമ്മാണം	,,	413174
13.	വീട് വയറിംഗ്	,,	107717
14.	പുതിയ കിണറുകൾ	,,	87591
15.	പുതിയ കുടിവെള്ള ടാപ്പുകൾ	,,	32503
16.	കുളം വൃത്തിയാക്കിയത്	,,	27443
17.	വിതരണം ചെയ്ത പമ്പുസെറ്റുകൾ	,,	59211
18.	പുതിയ റോഡുകൾ	,,	23954
19.	പുതിയ റോഡുകൾ	കി.മി.	17188.18
20.	പുതിയ കലുങ്കുകൾ	എണ്ണം	4010
21	പുതിയ പാലങ്ങൾ	,,	1725
22	പുതിയ സഹകരണ സംഘങ്ങൾ	,,	3804
23	പുതിയ സ്കൂൾ കെട്ടിടങ്ങൾ	ച. മീ.	93548.84
24	ആശുപത്രി കെട്ടിടങ്ങൾ	,,	90021.64
25	ഓഫീസ് കെട്ടിടങ്ങൾ	,,	111800.09
26	മാർക്കറ്റിംഗ് കോംപ്ലക്സുകൾ	,,	56328.60

2000 ഏപ്രിൽ മുതൽ ഡിസംബർ 31 വരെയുള്ള നേട്ടങ്ങളുടെ കണക്ക് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly